**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3280** | **19.06.2019-ൽ മറുപടിയ്ക്ക്** |

**മഴക്കാല പൂർവ്വ ശുചീകരണവും പകർച്ച വ്യാധി പ്രതിരോധവും**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്**<br>**,, പി.ടി. തോമസ്**<br>**,, വി.പി.സജീന്ദ്രൻ**<br>**,, വി.ഡി.സതീശൻ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | മഴക്കാല പൂർവ്വ ശുചീകരണം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 02.05.2019 തീയതിയിലെ 100/ഡിസി1/2019/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വ ത്തിൽ 2019 ലെ ആരോഗ്യജാഗ്രതാ-പകർച്ചാവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുകയും സംസ്ഥാനത്തൊട്ടാകെ തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും ബന്ധപ്പെട്ട ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും മിഷനുകളുടെയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് മാലിന്യ സംസ്കരണ ശുചീകരണ പ്രവർത്തനങ്ങളും കൊതുക് നിവാരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ച് വരികയും ചെയ്യുന്നു. കൂടാതെ ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, കില, കുടുംബശ്രീ, ആരോഗ്യ വകുപ്പ് എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, കുട്ടികൾ മുഖേന സമൂഹത്തിൽ ശുചിത്വ സംസ്കാരം രൂപപ്പെടുത്തുന്നതിനുമായി 'പെൻസിൽ' എന്ന പേരിൽ സ്റ്റുഡന്റ്സ് ക്യാമ്പയിന് (കുട്ടികളുടെ അവധിക്കാല ശുചിത്വ ക്യാമ്പ്) നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ജനപങ്കാളിത്തത്തോട്ടു കൂടി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നറിയിക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടുകൂടി ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു |
| (സി) | മഴയ്ക്ക് മുമ്പ് കുളങ്ങളും നദികളും തോടുകളും വൃത്തിയാക്കി ഒഴുക്ക് സുഗമമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിലും മറ്റ് വകുപ്പുകളുടെ പദ്ധതികളിലും ഉൾപ്പെടുത്തി കുളങ്ങളും, നദികളും, തോടുകളും വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ഡി) | ഇത്തരം പദ്ധതികൾ ഒരു പ്രത്യേക സമയത്ത് മാത്രം നടപ്പിലാക്കാതെ നിരന്തരമായി നടത്തുന്നതിനും അതുവഴി പകർച്ചവ്യാധി പ്രതിരോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ